ഉത്തരം

(എ) തൃശ്ശൂർ-തിരുവനന്തപുരം റൂട്ടിൽ എൻ.എച്ച്.-ൽ 15 സ്ഥലങ്ങളിലും എം.സി. റോഡിൽ 17 സ്ഥലങ്ങളിലും സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജോടുകൂടി സ്റ്റോപ്പുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഉണ്ട്.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി ആന്റ് ഇ) ആവശ്യം പരിശോധിക്കുന്നതാണ്.

യൂണിഫോം ധരിക്കാത്ത കെ.എസ്.ആർ.ടി.സി. ഇൻസ്പെക്ടർമാർ

113 [2240] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

„ ജി. പ്രതാപവർമ്മ തമ്പാൻ:

„ എം. കെ. പോൾസൺ മാസ്റ്റർ:

„ ലൂഡി ലൂയിസ്:

„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇൻസ്പെക്ടർമാർക്ക് യൂണിഫോം നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള തുണി, തയ്യൽക്കൂലി, അലക്കുകൂലി എന്നിവ കൊടുക്കുന്നുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഇൻസ്പെക്ടർമാരും യൂണീഫോറം തയ്പിക്കുകയും ധരിക്കുകയും ചെയ്യുന്നുണ്ടോ;

(ഡി) എങ്കിൽ ഔദ്യോഗിക കൃത്യനിർവ്വഹണം നടത്തുമ്പോൾ അവർ യൂണീഫോറം ധരിക്കുന്നുണ്ടോ എന്നുറപ്പുവരുത്തുന്നതെപ്രകാരമാണ്;

(ഇ) ഔദ്യോഗിക കൃത്യനിർവ്വഹണസമയത്ത് ഇൻസ്പെക്ടർമാർ യൂണിഫോറം ധരിക്കാത്തതിനാൽ യാത്രക്കാർ പരിശോധനയ്ക്ക് ടിക്കറ്റ് കൊടുക്കാതിരിക്കുകയും യാത്രക്കാരുമായി ശണ്ഠയുണ്ടാക്കുകയും ചെയ്യാറുണ്ടോ;

(എഫ്) യൂണിഫോറം ധരിക്കാത്ത ഇൻസ്പെക്ടർമാർ ടിക്കറ്റ് ചെക്കുചെയ്യുന്നതിന്മേൽ എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാസാമാസം അലക്കുകൂലി കൊടുത്തുകൊണ്ടിരിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ട് കാരണം കഴിഞ്ഞ 3 വർഷമായി യൂണിഫോമിനുള്ള തുണി വിതരണം ചെയ്തിട്ടില്ല. ആയതിനാൽ തയ്യൽ കൂലിയും നൽകിയിട്ടില്ല.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓർഡിനറി ബ്രാഞ്ചിലുള്ള ഇൻസ്പെക്ടർമാർ യൂണിഫോം ധരിച്ചു മാത്രമേ പരിശോധിക്കുവാൻ പാടുള്ളൂ. എന്നാൽ സർപ്രൈസ് സ്കാഡ് യൂണിറ്റിൽ പ്രവർത്തിക്കുന്ന ഇൻസ്പെക്ടർമാർ യൂണിഫോം ധരിക്കേണ്ടതില്ല.

(ഡി) യൂണിഫോം ധരിക്കാതെ ഇൻസ്പെക്ടർമാർ ഔദ്യോഗിക കൃത്യ നിർവ്വഹണം.. നടത്തിയാൽ അവരുടെ പേരിൽ റിപ്പോർട്ട് ലഭിക്കാറുണ്ട്.

(ഇ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) യൂണിഫോം ധരിക്കാത്ത ഇൻസ്പെക്ടർമാർ ഡ്യൂട്ടിയ്ക്ക് വന്നാൽ അവരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കാതിരിക്കാനും അവരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കാനും യൂണിറ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ സ്റ്റാഫിന്റെ എണ്ണം

114 [2241] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. എ. ചന്ദ്രൻ:
,, ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി രാധാരാഘവൻ:
,, മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ എത്ര ഓപ്പറേറ്റിംഗ് സ്റ്റാഫുണ്ട്; ഇവയിൽ മെക്കാനിക്കൽ സ്റ്റാഫ് എത്ര;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് ശമ്പളം പറ്റുന്ന എത്ര അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് ഉണ്ട്;

(സി) ഇപ്പോൾ ബസ് ഒന്നിന് എത്ര സ്റ്റാഫ് വീതം ഉണ്ട്; സ്റ്റാഫിന്റെ എണ്ണം ബസ് ഒന്നിന് എത്രയായി കുറയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ 15180 സ്ഥിരം ജീവനക്കാരും 8472 താൽക്കാലിക ജീവനക്കാരും ഓപ്പറേറ്റിംഗ് വിഭാഗത്തിലുണ്ട്. 3394 സ്ഥിരം ജീവനക്കാരും 971 താൽക്കാലിക ജീവനക്കാരും മെക്കാനിക്കൽ വിഭാഗത്തിൽ ജോലി ചെയ്യുന്നു.

(ബി) ഇപ്പോൾ 2583 അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് ഉണ്ട്.

(സി) ഇപ്പോൾ ബസ്-സ്റ്റാഫ് അനുപാതം 1:7 ആണ്. കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിക്കുന്നതോടുകൂടി സ്റ്റാഫിന്റെ എണ്ണം കുറയ്ക്കാൻ സാധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly